പ്രവൃത്തിയിൽ ഫണ്ട് അലോട്ടുചെയ്യുമ്പോൾ മറേതെങ്കിലും ബ്ലോക്കുകളിൽനിന്നോ, ജില്ലകളിൽ നിന്നോ ഡൈവർട്ട് ചെയ്യേണ്ട ഒരവസ്ഥ ഉണ്ടാകുന്നു. നമുക്ക് ഡി.ആർ.ഡി.എ, യിൽ വരുന്ന എൻ.ആർ.ഇ.പി., ആർ. എൽ. ഇ. ജി. പി. ഫണ്ടുകൾ ജില്ലകളിൽ നിന്ന് ജില്ലകളിലേക്ക് ഡൈവർട്ട്ചെയ്യാൻ പാടില്ല എന്ന് ശക്തമായ ഒരു തീരുമാനം ഗവൺമെൻറ് എടുത്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം സ്വീകരിക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം നല്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : 1985-86-ലെ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., ഐ. ആർ. ഡി. പി. മുതലായ സ്കീമുകളിൽ കേന്ദ്രവിഹിതം കുറയാകാൻ എന്താണ് കാരണം ; ഒരോന്നിലും എത്ര വീതം കുറവ് ഉണ്ടായിട്ടുണ്ട്?

ശ്രീ. പി. കെ. വേലായുധൻ : കുറവില്ല. ഞാൻ ഇപ്പോൾ എൻ. ആർ. ഇ. പി. യുടെ കണക്ക് മാത്രമേ എടുത്തിട്ടുള്ളു. അത് ഞാൻ പറഞ്ഞുകഴിഞ്ഞു. നമുക്ക് അതിൽ കുറവില്ല.

ശ്രീ. സി. കെ. ചക്രപാണി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി 20 ശതമാനം മാറ്റിവച്ചു എന്ന്. ആറാം പദ്ധതിക്കാലത്താണെങ്കിൽ 10 ശതമാനമായിരുന്നു. പുതിയ കേന്ദ്രഗവൺമെൻറിൻറെ നയം അനുസരിച്ച് ഇത് 20 ശതമാനമാക്കി ഉയർത്തി എന്ന്. പക്ഷെ നമ്മൾ ഇപ്പോൾ എടുത്ത റോഡുകളും വീടുകളും പണി തീരാത്തവയാണ്. രാമേശ്വരത്തെ ക്ഷൗരംപോലെയാണ് ചില റോഡുകളുടെ സ്ഥിതി. അതുകൊണ്ട് ഈ സോഷ്യൽഫോറസ്ട്രിക്ക് നീക്കിവച്ച 20 ശതമാനം കുറപ്പിക്കുന്നതിനു വേണ്ടി മുൻകൈയെടുക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: അത് കുറപ്പിക്കാതെതന്നെ നമുക്ക് കിട്ടിയിട്ടുള്ള അലോട്ട്മെൻറ് സ്പിൽഓവർ വർക്കുകൾക്കുകൂടി adjust ചെയ്ത് spilover work-കൾ പൂർത്തിയാക്കുന്നതിന് മുൻഗണന കൊടുക്കുകയും ബാക്കി വരുന്ന തുകക്ക് മാത്രം പുതിയ വർക്കുകൾ ഏറെറടുത്താൽ മതി എന്നും നിർദ്ദേശം കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ല എന്നു കരുതുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറന്മാരുടെ ഒഴിവുകൾ

*136. [180] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, ടി. കെ. ഹംസ :
,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറൻമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും എത്ര വീതം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഒഴിവുകളിലേക്ക് പി. എസ്. സി. യുടെ അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത്തരക്കാരെ നിയമിക്കാത്തത് എന്തുകൊണ്ട്;

(ഇ) ജില്ലാതല റിക്രൂട്ട്മെന്റ് മുഖേനയാണോ ഈ തസ്തികകളിലേക്ക് നിയമനം നടത്തേണ്ടത്;

(എഫ്) എങ്കിൽ പ്രസ്തുത നിയമം മറികടന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിലേക്ക് അന്യജില്ലകളിൽനിന്നും നിയമനം നടത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ അതിന് കാരണമെന്ത്;

(എച്ച്) എത്ര പേരെ നിയമിച്ചു;

(ഐ) ജില്ലാതല നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികളെയും അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉള്ള ഒഴിവുകൾ മുഴുവൻ നികത്തുവാൻ നിയമന ഉത്തരവുകൾ അയച്ചിട്ടുണ്ട്.

(ബി), (സി) താല്ക്കാലിക നിയമനക്കാർ ജോലിചെയ്യുന്ന തസ്തികകളടക്കം റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് പി. എസ്. സി. അഡ്വൈസ് ചെയ്തവർക്ക് നിയമന ഉത്തരവുകൾ അയച്ചിട്ടുണ്ട്.

(ഡി) അഡ്വൈസ് ലിസ്റ്റിൽ ബാക്കിയുള്ളവരെ ഒഴിവുകൾ വരുമ്പോൾ നിയമിക്കുന്നതാണ്.

(ഇ) അതെ.

(എഫ്) താൽക്കാലികമായി നിയമനം നടത്തിയിട്ടുണ്ട്.

(ജി) ജില്ലാതല റിക്രൂട്ട്മെന്റ് മുഖേനയാണ് ഇപ്പോൾ വി. ഇ. ഒ. മാരുടെ നിയമനം നടത്തുന്നത്. ഉദ്യോഗക്കയറ്റവും, ജില്ലാതലത്തിലുള്ള റിക്രൂട്ട്മെന്റ് സംവിധാനം നിലവിൽ വരുന്നതിനുമുൻപ് ഉദ്യോഗത്തിൽ പ്രവേശിച്ചവർക്ക് സ്ഥലമാറ്റവും, സംസ്ഥാനതലത്തിൽ നടത്തുന്നതുകൊണ്ട് ജില്ലാതല ഒഴിവുകളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ട്രെയിനിംഗ് പൂർത്തിയാക്കിയ വി. ഇ. ഒ. മാരിൽ ചിലർക്ക് അവരെ അഡ്വൈസ് ചെയ്ത ജില്ലകളിൽ നിയമിക്കാൻ ആവശ്യമായ ഒഴിവുകൾ മേൽപറഞ്ഞ കാരണങ്ങളാൽ ഇല്ലാതെ വന്നതുകൊണ്ടും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഒഴിവുകൾ നികത്തുന്നതിന് പ്രസ്തുത ജില്ലകളിൽനിന്ന് ട്രെയിനിംഗ് കഴിഞ്ഞ ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നതുകൊണ്ടും കൂടിയാണ് ചിലരെ ആ ജില്ലകളിലേക്ക് മറ്റു ജില്ലകളിൽനിന്നും താൽക്കാലികമായി അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

(എച്ച്) കാസർഗോഡ് ജില്ലയിൽ 6 പേരെയും കണ്ണൂർ ജില്ലയിൽ 10 പേരെയും നിയമിച്ചു.

GPM. 2/487/2009.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: വി. ഇ. ഒ. ആയിട്ട് നിയമിക്കപ്പെടുവാൻ ഉള്ള ഏറ്റവും കുറഞ്ഞ യോഗ്യതകൾ എന്തെല്ലാമാണ്?

ശ്രീ. പി. കെ. വേലായുധൻ: നല്ല ആരോഗ്യമുള്ളയാളും എസ്. എസ്. എൽ. സി. പാസ്സായ ആളുമായിരിക്കണം.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: ഒഴിവുകളിലേക്ക് പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടുള്ള മിക്കവാറും ആളുകളെ നിയമിച്ചു കഴിഞ്ഞുവെന്ന് പറഞ്ഞു. താൽക്കാലികമായി വളരെ കൂടുതൽ ആളുകളെ നിയമിച്ചിട്ടുണ്ട്. മുഴുവൻ തസ്തികകളിലേക്കും ആവശ്യമുള്ള ആളുകളെ പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമിക്കുന്നതിന് എത്ര കാലം എടുക്കും; എത്രകാലംകൊണ്ട് ആ നിയമനം പൂർത്തിയാകുമെന്ന് പറയാമോ?

ശ്രീ. പി. കെ. വേലായുധൻ: 198 ഫെബ്രുവരി 9-ാം തീയതി വന്ന ഗസറ്റിൽ മൊത്തം 91 വി. ഇ. ഒ. മാരുടെ ഒഴിവുകൾ കണക്കാക്കിയാണ് അപേക്ഷകൾ ക്ഷണിച്ചത്. എന്നാൽ ഒന്നും രണ്ടും ബാച്ചുകളുടെ ട്രെയിനിംഗ് പൂർത്തിയാക്കി നിലവിൽ വന്ന 614 ഒഴിവുകളിലേക്ക് ഇതിനകം ഗവൺമെന്റ് നിയമനം നടത്തിക്കഴിഞ്ഞു. ഇനി 426 പേർ അഡ്വൈസ് മെമ്മോ കിട്ടിയവരുണ്ട്. അവർക്ക് ട്രെയിനിംഗ് കൊടുക്കാനുണ്ട്. തളിപ്പറമ്പ്, മണ്ണുത്തി, കൊട്ടാരക്കര എന്നീ മൂന്ന് എക്സ്റ്റെൻഷൻ സെന്ററുകളിലെ രണ്ടാമത്തെ ബാച്ച് ട്രെയിനിംഗ് പൂർത്തിയാകാൻ കാത്തിരുന്നതുകൊണ്ടാണ് മൂന്നാമത്തെ ബാച്ചിന് ട്രെയിനിംഗ് കൊടുക്കാൻ വൈകിയത്. ഈ ഒക്ടോബർ മാസത്തിൽ തന്നെ ഈ മൂന്ന് എക്സ്റ്റെൻഷൻ സെന്ററുകളും ഒഴിവായിട്ടുണ്ട്. അവസാനത്തെ 426 പേർക്ക് കൂടി ട്രെയിനിംഗ് കൊടുക്കുന്നതാണ്. അത് 6 മാസത്തെ ട്രെയിനിംഗ് ആണ്. ആ ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക്, 6 മാസത്തിനുശേഷം ഇവർക്ക് മുഴുവൻ നിയമനം നടത്താൻ കഴിയും. ബഹുമാനപ്പെട്ട ചെയർ അനുവദിക്കുകയാണെങ്കിൽ അതിന്റെ പശ്ചാത്തലം പറയാം.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇല്ലാത്ത പോസ്റ്റിനു പി. എസ്. സി. യോട് ചോദിക്കുകയും അഡ്വൈസ് വാങ്ങുകയും ചെയ്ത കേസുണ്ട്. അതുകൊണ്ട് അത് പറയണം.

ശ്രീ. പി. കെ. വേലായുധൻ: സർ, ഞാൻ നേരത്തെ പറഞ്ഞു, 9-2-1982-ലെ കണക്കനുസരിച്ച് 91 വി. ഇ. ഒ. മാരുടെ പോസ്റ്റുകളിലാണ് ഒഴിവുണ്ടായത്. നമുക്ക് കഴിഞ്ഞ വർഷം റാങ്ക് ലിസ്റ്റ് നിലവിൽ വന്ന അവസരത്തിൽ, ആ നോട്ടിഫിക്കേഷനിൽ പറഞ്ഞിരുന്നത്, 'ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി ട്രെയിനിംഗ് തുടങ്ങി ഒരുമാസത്തിനു ശേഷമോ ലിസ്റ്റ് പ്രാബല്യത്തിൽ വന്ന് മൂന്ന് മാസത്തിനുശേഷമോ ഏത് തീയതി അവസാനം വരുന്നോ ആ തീയതി മുതൽ തീരുന്നതാണ്' എന്നാണ്. ഫസ്റ്റ് ബാച്ചിനെ ട്രെയിനിംഗിനു എടുത്തുകഴിഞ്ഞാൽ ബാക്കിയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു മാസത്തിനകം തീരുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ കഴിഞ്ഞ സഭാസമ്മേളനത്തിൽ ഒരു സബ്മിഷൻ ചോദിച്ചിരുന്നു. അന്ന് ഞാൻ സൂചിപ്പിച്ചിരുന്നതാണ്. അതിന്റെ കാലാവധി തീരുന്നതിനുമുൻപ് ബാക്കിയുള്ള ആളുകൾക്കു കൂടി അഡ്വൈസ് മെമ്മോ കൊടുക്കണമെന്ന് പി. എസ്. സി. യോട് ഗവൺമെന്റ് ആവശ്യപ്പെട്ടത് ശരിയാണ്. കാരണം 9-2-1982-ന് ശേഷം 31-3-1985 വരെയുള്ള കാലയളവിൽ നമ്മുടെ സംസ്ഥാനത്ത് 700-ൽ പരം പോസ്റ്റുകൾ, പ്രൊമോഷൻ വഴിയും റിട്ടയർമെന്റ് വഴിയും ഡെപ്യൂട്ടേഷൻ വഴിയുമുണ്ടായി. ആ വേക്കൻസികൾകൂടി ഫില്ല് ചെയ്യുന്നതിന് പി. എസ്. സി. റാങ്ക്ലിസ്റ്റിന്റെ കാലാവധി ഒരു മാസത്തിനകം തീരുന്നതിന് മുമ്പ് അഡ്വൈസ് വാങ്ങിച്ചുവച്ചില്ലെങ്കിൽ നമുക്കു പിന്നേയും രണ്ടുമൂന്നു വർഷങ്ങൾ കൂടി കാലതാമസം വരുമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇപ്പോൾ ടെസ്റ്റ് എഴുതി റാങ്ക്ലിസ്റ്റിൽ വന്നിട്ടുള്ള മുഴുവൻ ആളുകളേയും എടുക്കുന്നതിനുള്ള ആൻറിസിപ്പേറ്ററി വേക്കൻസിയിലേക്കുള്ള ആളുകളുടെ അഡ്വൈസ് കൊടുക്കണമെന്ന് ആവശ്യപ്പെട്ടത് അതുകൊണ്ടാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ നിയമസഭാസമ്മേളനത്തിൻ ശ്രീ. എ. കെ. ശശീന്ദ്രന്റെ സബ്മിഷനു മറുപടിയായിട്ട് 425 പേരെയാണ് ട്രെയിനിംഗിനു വിളിക്കാൻ ഉള്ളത് എന്നു പറഞ്ഞു. എന്നാൽ ഇന്ന് പറഞ്ഞു 426 പേരെയാണ് വിളിക്കാനുള്ളത് എന്ന്. ആവശ്യമാണെങ്കിൽ കൂടുതൽ ട്രെയിനിംഗ് സെൻറുകൾ തുറന്ന് അതാത് അവസരങ്ങളിൽ അവർക്ക് ട്രെയിനിംഗ് കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഞാൻ നേരത്തെ സൂചിപ്പിച്ചു ഒക്ടോബറിൽ മൂന്നാമത്തെ ബാച്ചിന്റെ—ബാക്കിയുള്ള 426 പേരുടെ—ട്രെയിനിംഗ് തുടങ്ങികഴിയുമെന്ന്. കഴിഞ്ഞ സഭാസമ്മേളനത്തിൽ ഞാൻ 425 പേർ എന്നു പറഞ്ഞത് ശരിയാണ്. അന്ന് ഒരാൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. പിന്നീട് അദ്ദേഹം റിപ്പോർട്ട് ചെയ്തു. പക്ഷേ ട്രെയിനിംഗ് തുടങ്ങിയതുകൊണ്ട് അടുത്ത ബാച്ചിലേക്ക് അദ്ദേഹത്തെ മാറ്റിവച്ചു. അതുകൊണ്ട് ഒരാളുംകൂടി കൂടി. അങ്ങനെ 426 ആയി.

ശ്രീ. സി. ടി. കൃഷ്ണൻ: ജില്ലാ അടിസ്ഥാനത്തിലാണ് വി.ഇ.ഒ. മാരെ നിയമിക്കേണ്ടത് എന്ന് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽനിന്ന് അവരെ നിയമിക്കാൻ പാടില്ല. അങ്ങനെയിരിക്കുമ്പോഴാണ് കണ്ണൂർ, കാസർകോട് ജില്ലകളിലേക്ക് മറ്റ് ജില്ലകളിൽനിന്ന് ആളിനെ എടുത്തത്. വയനാട് ജില്ലയിൽ നിന്ന് 6 ആളുകളെ കണ്ണൂർ ജില്ലയിൽ നിയമിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു; 27-7-1985-ന് ജി. ഒ. എം. എസ്. 36/85/4 ഡി. ഡി. ടേർഡ് 27-7-1985. മറ്റ് ജില്ലകളിൽനിന്ന് നിയമിക്കാൻ പാടില്ല എന്നുള്ള തീരുമാനം നിലവിലിരിക്കേ അതിനെ മറികടന്നുകൊണ്ട് മറ്റ് ജില്ലകളിലേക്ക് ഇങ്ങനെ നിയമിച്ചത് ദുരുദ്ദേശത്തോടുകൂടിയല്ലേ; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: കണ്ണൂർ, കാസർകോഡ് ജില്ലകളിലേക്കായി 162 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. ആദ്യത്തെ ബാച്ചിൽ, ലിസ്റ്റിൽ നിന്നുള്ള 78 പേർക്ക് ട്രെയിനിങ്ങ് കൊടുക്കുകയും 78 പേരെ കണ്ണൂർ, കാസർകോഡ് ജില്ലകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർക്ക് മൂന്നാമത്തെ ബാച്ചിൽ ട്രെയിനിങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കും. പക്ഷേ അവിടെ നിലവിലുള്ള വേക്കൻസിയിലേക്ക് താൽക്കാലികമായി മറ്റ് ജില്ലകളിൽ—വയനാട്, പത്തനംതിട്ട—എക്സ്സ്സായി നിൽക്കുന്നവരെ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഈ ട്രെയിനിങ്ങ് പൂർത്തിയാകുമ്പോൾ കണ്ണൂർ, കാസർകോഡ് ജില്ലകളിലെ ആളുകളെ നിയമിക്കുകയും ആ ജില്ലകളിലേക്ക് താൽക്കാലികമായി പോസ്റ്റ് ചെയ്തവരെ അവരുടെ സ്വന്തം ജില്ലകളിലേക്ക് കൊണ്ടുവരികയും ചെയ്യും. അതിൽ യാതൊരു ദുരുദ്ദേശവുമില്ല. തൊഴിലിന് അർഹതയുള്ള ധാരാളം ആളുകൾ റാങ്ക്ലിസ്റ്റിൽ വന്നു. കഴിയുന്നത്ര നിയമനം നടത്തിയെന്നു മാത്രമേയുള്ളു.

ശ്രീ. കെ. പി. രാമൻ: വികലാംഗ വർഷത്തിൽ സ്ഥിരപ്പെടുത്താമെന്നു പറഞ്ഞിരുന്നുവെങ്കിൽ തന്നെയും ഈ വർഷത്തിൽ താൽക്കാലികമായി നിയമനം ലഭിച്ച വികലാംഗരായ വി. ഇ. ഒ. മാരെ ഇതുവരെ സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്താണ് കാരണം.

ശ്രീ. പി. കെ. വേലായുധൻ: വി. ഇ. ഒ. മാരുടെ റിക്രൂട്ട്മെൻറിൽ നിലവിലുള്ള ചട്ടങ്ങളിൽ നല്ല ആരോഗ്യവാനായിരിക്കണം എന്ന ഒരു ക്വണ്ഡികയുണ്ട്. അതിനെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾക്ക് തർക്കങ്ങൾ ഉള്ളതുകൊണ്ടാണ് ഇത് എടുക്കാൻ കഴിയാത്തത്. അത് ഗവൺമെൻറ് വളരെ താല്പര്യപൂർവ്വം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. വികലാംഗരുടെ കാര്യത്തിൽ എനിക്കും അതിയായ താല്പര്യമുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: വി. ഇ. ഒ. മാരുടെ നിയമനങ്ങളിൽ വ്യാപകമായിട്ടുള്ള തോതിൽ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുണ്ടെന്നു ആരോപണങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള ഉത്തരങ്ങൾ ആ സംശയങ്ങൾ ദൂരീകരിക്കുന്നതിനു പകരം അത് സ്ഥിരീകരിക്കുകയാണ് ചെയ്തത്. ഡിസ്ട്രിക്ട് റിക്രൂട്ട്മെൻറ് ബോർഡിൽ നിലവിലുള്ള ലിസ്റ്റിൽനിന്ന് അല്ലാതെ പ്രൊവിഷണൽ ആയിട്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നുപോലും അപ്പോയിൻറ്മെൻറ് ചെയ്യാതെ, പത്തനംതിട്ട ഡിസ്ട്രിക്ട് റിക്രൂട്ട്മെൻറ് ബോർഡിലുള്ള ആളുകളെ, കാസർകോട്ടുള്ള ആളുകൾക്ക് ട്രെയിനിങ്ങ് കൊടുക്കാതെ അവിടെ നിയമിച്ചു. അവിടുത്തെ മലയാളഭാഷയായിട്ടോ കർണ്ണാടകഭാഷയുമായിട്ടോ യാതൊരു പരിചയവുമില്ലാതെ അവർ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഭാഷാപരമായ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിനുപകരം ഭാഷാന്യൂനപക്ഷങ്ങളെ ഉപദ്രവിക്കുന്ന ഏർപ്പാടാണ് ചെയ്യുന്നത്. വി. ഇ. ഒ. മാരുടെ നിയമനത്തിൽ ഗവൺമെൻറ് ചെയ്തിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രൊവിഷണലായിട്ട് നിയമിച്ച ആളുകളെ അവിടെനിന്നും തിരിച്ചയച്ച് റിക്രൂട്ട്മെൻറ് ബോർഡിൽനിന്നും ഉള്ള ലിസ്റ്റിൽനിന്ന് ട്രെയിനിങ്ങ് കഴിഞ്ഞ ആളുകളെയോ, ട്രെയിനിങ്ങ് കഴിയാത്ത ആളുകളാണെങ്കിൽ പ്രൊവിഷണലായിട്ട് നിയമിക്കുകയോ ചെയ്യണം. അങ്ങനെ ഭാഷ അറിയാവുന്ന ആളുകളെ അവിടെ നിയമിക്കാൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൻറെ ആദ്യത്തെ ഭാഗം വേദനിപ്പിക്കുന്നതാണ്. ഞാൻ അങ്ങനെ ഉദ്ദേശിച്ചില്ല. പി. എസ്. സി. ആണ് നിയമനത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തത്. അങ്ങനെയുള്ള ഒരു പരാമർശം ശരിയല്ല. രണ്ടാമത്തെ ഭാഗത്തെക്കുറിച്ച് ഇപ്പോൾ ഈ സഭയിൽ പറയാമോ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് എനിക്ക് അറിയുകയില്ല. ഹൈക്കോടതിയുടെ സ്റ്റേ വന്നിട്ടുണ്ട്. അതിനെ സംബന്ധിച്ച് അന്തിമമായിട്ട് തീരുമാനം എടുക്കുന്ന സമയത്ത് കർണ്ണാടക സംസ്ഥാനത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എ. കെ. പത്മനാഭൻ: സർ, കഴിഞ്ഞ ഐ. ആർ. ഡി. പി. സർവ്വേ നടന്നപ്പോൾ പി. എസ്. സി. ലിസ്റ്റിൽ ആളുകൾ ഉണ്ടായിട്ടും അവരെ നിയമിക്കാതെ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: സർവ്വെ നടത്തിയത് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ്. നമ്മുടെ വി. ഇ. ഒ. മാരുടെ രണ്ടാമത്തെ ബാച്ച് ട്രെയിനിംഗ് പൂർത്തിയായത് കഴിഞ്ഞ ആഗസ്റ്റ് മാസത്തിലാണ്. ആദ്യത്തെ ബാച്ചിലുള്ളവരെ നിലവിലുണ്ടായിരുന്ന 91 പോസ്റ്റുകളിൽ നിയമിച്ചു. രണ്ടാമത്തെ ബാച്ച് ആൻസിപ്പോറഡ് വേക്കൻസിയിലേക്കാണ് ട്രെയിനിംഗ് കൊടുത്തത്. ട്രെയിനിംഗ് ആഗസ്റ്റ് മാസത്തിലാണ് പൂർത്തിയായത്. അതുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചെയിഞ്ചിൽ നിന്നെടുത്ത ആളുകളുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: കേരളത്തിൽ എത്തെല്ലാം പ്രദേശങ്ങളിലാണ് വി. ഇ. ഒ. മാർക്ക് ട്രെയിനിംഗ് കൊടുക്കുന്നത്? ഓരോ സെന്ററിലും ഉള്ള കപ്പാസിറ്റി എത്രയാണ്? ആ കപ്പാസിറ്റി പരിഗണിച്ച് മെച്ചപ്രാവശ്യമായി ട്രെയിനിംഗ് പൂർത്തിയാക്കി അവരുടെ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമോ?

ശ്രീ. പി. കെ. വേലായുധൻ: തളിപ്പറമ്പ്, മണ്ണുത്തി, കൊട്ടാരക്കര ഈ മൂന്നു സെന്ററുകളാണുള്ളത്. ഈ മൂന്നു ട്രെയിനിംഗ് സെന്ററുകളിലും കൂടി 350 പേർക്ക് ഒറ്റയടിക്ക് ട്രെയിനിംഗ് കൊടുക്കാൻ സൗകര്യമുണ്ട്. തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിൽ സൗകര്യങ്ങൾ കുറെക്കൂടി വിപുലപ്പെടുത്തി മൂന്നാമത്തെ ബാച്ചിൽ 426 പേർക്ക് ട്രെയിനിംഗ് കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: സ്ലോക്കുകൾ മുഖേന ഇന്നു നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വർക്കാണ് ഐ. ആർ. ഡി. പി. വർക്ക്. ഇതിനെ സംബന്ധിച്ച് ഈ നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി സംസ്ഥാനത്തെ ജില്ലകളിൽ പോയി തെളിവെടുപ്പു നടത്തിയപ്പോൾ ഈ പദ്ധതി സംബന്ധിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അവർക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിരുന്നില്ല. ഇതു നടപ്പാക്കാൻ താൽക്കാലിക ജീവനക്കാരെ നിയമിച്ചതുകൊണ്ട് അവർക്ക് ഇതു സംബന്ധമായ വിവരങ്ങൾ കൊടുക്കുകയോ പരിശീലനം കൊടുക്കുകയോ ചെയ്യാത്തതിന്റെ ഫലമായി ഈ പദ്ധതി തന്നെ തകർന്നിരിക്കുകയല്ലേ? ഇത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? എന്താണ് ഗവൺമെന്റിന്റെ അഭിപ്രായം?

ശ്രീ. പി. കെ. വേലായുധൻ: ആ പരാമർശം പൂർണ്ണമായും ശരിയല്ല. എങ്കിലും. പരിശീലനത്തിന്റെ കുറവ് സ്ഥിരമായ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു നിയമിച്ച ആളുകൾക്ക് പരിശീലനം കൊടുക്കേണ്ട ആവശ്യമില്ല. അത് അനാവശ്യമായ ചെലവാണ്. അതുകൊണ്ട് അവർക്ക് പരിശീലനത്തിന്റെ കുറവുകൊണ്ട് പാകപ്പിഴകൾ ഉണ്ടായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് അർഹതയുള്ള ആളുകൾക്ക് ട്രെയിനിംഗ് കൊടുത്ത് നിയമിക്കാൻ നടപടി സ്വീകരിച്ചത്. ഇക്കാര്യത്തിൽ ചില ബുദ്ധിമുട്ടുകളുള്ളത് സഭയിൽ തുറന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പ്രൊഫഷണൽ ഹാൻഡിനെ പിരിച്ചുവിടരുതെന്ന കോടതിയുടെ താൽക്കാലികമായ സ്റ്റേ ഒരുവശത്ത്. പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കണമെന്ന അവരുടെ വാദം മറുവശത്ത്. എന്തായാലും ഇതിന് ശാശ്വതമായ ഒരു പരിഹാരം അടിയന്തിരമായി സ്വീകരിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്.

മരം കയറ്റ തൊഴിലാളികൾക്കുള്ള സഹായധനം നൽകുന്ന പദ്ധതി

* 137 (181) ശ്രീ. വി. കേശവൻ:

,, ടി. കെ. അബ്ദു:

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, സി. കെ. തങ്കപ്പൻ:

,, ഒ. രേതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റം, പനകയറ്റം, കമുകുകയറ്റം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ജീവാപായം സംഭവിക്കുകയോ അപകടം സംഭവിക്കുകയോ ചെയ്താൽ സഹായധനം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) 1983-84, 1984-85 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗങ്ങൾക്ക് എന്തു സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്;

(സി) ആദിവാസി വിഭാഗങ്ങളിലോ ഹരിജൻ വിഭാഗങ്ങളിലോ പെട്ടവരല്ലെന്ന കാരണത്താൽ ഈ സഹായം നൽകപ്പെടാതിരുന്നിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) 1983-84 സാമ്പത്തിക വർഷത്തിൽ കേരളാ മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 11,45,000 രൂപ 229 പേർക്കായി നൽകിയിട്ടുണ്ട്. 1984-85 സാമ്പത്തിക വർഷത്തിൽ 2,70,000 രൂപ 54 പേർക്കായി സഹായം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 1984-85-ൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കല്ലാതെ മറ്റാർക്കും ഈ പദ്ധതിയനുസരിച്ച് സഹായം നൽകിയിട്ടില്ല. സ്പെഷ്യൽ കമ്പോണന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പണമല്ലാതെ മറ്റ് വിഭാഗക്കാർക്ക് ധനസഹായം നൽകുവാൻ പ്രത്യേകം പണം അനുവദിക്കാതിരുന്നതുകൊണ്ടാണ് അവർക്ക് സഹായം നൽകാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly